## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2078** — **17.06.2014**- ലെ മറുപടിക്ക്

<u>സഹകരണ കോൺഗ്രസും എക്സ്പോയും</u>

| **ചോദ്യം** | | **മറുപടി** |
| --- | --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, വി.ഡി.സതീശൻ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ കോൺഗ്രസ്സും എക്സ്പോയും സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് 7-ാം സഹകരണ കോൺഗ്രസ്സ് 2012 നവംബർ മാസം 13 മുതൽ 16 വരെയുള്ള തീയതികളിലും, അതോടനുബന്ധിച്ച് സഹകരണ എക്സ്പോ 2012 നവംബർ 1 മുതൽ 25 വരെയും തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ നടത്തുകയുണ്ടായി |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇവയിലൂടെ കൈവരിക്കാനുദ്ദേശിച്ചതെന്ന് വിശദമാക്കാമോ; | ബി) | സംസ്ഥാനത്തെ സഹകരണ മേഖല കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തുന്നതിനും, ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും, മേഖല അഭിമുഖികരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമാണ് സഹകരണ കോൺഗ്രസ്സ് നടത്തിയത്. |
| സി) എന്തെല്ലാം വിഷയങ്ങളാണ് ഇവയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്;വിശദമാക്കുമോ; | സി) | താഴെപ്പറയുന്ന വിഷയങ്ങളെ അധികരിച്ച് അവതരിപ്പിച്ച പ്രബന്ധങ്ങൾ വിശദമായി ചർച്ച ചെയ്യുകയും അതിന്മേൽ നിർദ്ദേശങ്ങൾ ഉയർന്നു വരുകയും ചെയ്തിട്ടുണ്ട്.<br>1. സഹകരണ സംഘം നിയമഭേദഗതി<br>2. കേരളത്തിലെ ആശുപത്രി സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും.<br>3. കേരളത്തിലെ ഗ്രാമ വ്യവസായ മേഖല<br>4. കേരളത്തിലെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളും<br>5. സഹകരണ ഭവന മേഖല സാധ്യതകളും മാർഗ്ഗങ്ങളും<br>6. സഹകരണ പ്രസ്ഥാനവും പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളും |

7. സഹകരണ മേഖലയും ജീവനക്കാരും

8. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ

9. പലവക സഹകരണ സംഘങ്ങൾ

10. സാഹിത്യ പ്രവർത്തക സഹകരണ സംഘം

11. സഹകരണ പ്രിൻറ്റിംഗ് പ്രസ്സുകൾ

12. ശാരീരിക മാനസിക വൈകല്യം നേരിടുന്നവരുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള സഹകരണ സംഘങ്ങളുടെ രൂപീകരണം

13. കേരളത്തിലെ ക്ഷീര സഹകരണ മേഖല ഇന്നലെ-ഇന്ന്-നാളെ

14. പ്രൊഫഷണൽ വിദ്യാഭ്യാസവും സഹ കരണ മേഖലയും

15. അർബൻ സഹകരണ ബാങ്കുകൾ നേരിടുന്ന പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ

16. കയർ സഹകരണ മേഖല 1952 മുതൽ 2012 വരെ

17. ഉയിർത്തെഴുന്നേൽപിനായി കേഴുന്ന കൈത്തറി വ്യവസായവും തൊഴിലും

18. ഉപഭോക്തൃ പ്രസ്ഥാനം സഹകരണ മേഖലയിൽ

19. സഹകരണ വായ്പാ മേഖല-പുത്തൻ അവ സരങ്ങളും വെല്ലുവിളികളും

20. വനിതാ സഹകരണ സംഘങ്ങൾ

21. സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും സുസ്ഥിര കാർഷിക ഗ്രാമ വികസനവും

| | |
|---|---|
| ഡി) എന്തെല്ലാം തുടർ നടപടികളാണ് കോൺഗ്രസ്സിനും എക്സ്പോയ്ക്കും ശേഷം സ്വീകരിച്ചിട്ടുള്ളത്; വിശദാംശ ങ്ങൾ അറിയിക്കുമോ? | ഡി) ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങൾ പരിശോധിച്ച സ്വീകാര്യമായവ സഹകരണ നിയമം ഭേദഗതി ചെയ്യുമ്പോൾ പരിഗണി ച്ചിട്ടുണ്ട്. മറ്റ് വിഷയങ്ങളിന്മേലുള്ള നിർദ്ദേശ ങ്ങളിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരി ച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ